## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5303

## 01-07-2019 - ലെ മറുപടിക്ക്

### എം.എൽ.എ. ആസ്തി വികസന ഫണ്ട്

| ചോദ്യം<br><br>**ശ്രീ.എൻ.എ.നെല്ലിക്കുന്ന്** | മറുപടി<br><br>**ഡോ. റ്റി. എം. തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി)** |
|---|---|
| എ) ഒരു എം.എൽ.എ.യ്ക്ക് മണ്ഡലത്തിൽ ഒരു വർഷം അഞ്ചുകോടി രൂപ എന്ന സംവിധാനം നിലവിൽ വന്നതിനുശേഷം എല്ലാ മണ്ഡലങ്ങളിലും ഈ ഫണ്ട് വിനിയോഗിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | ഒരു എം.എൽ.എ.യ്ക്ക് മണ്ഡലത്തിൽ ഒരു വർഷം അഞ്ചുകോടി രൂപ എന്ന സംവിധാനം നിലവിൽ വന്നതിനുശേഷം എല്ലാ മണ്ഡലങ്ങളിലും ഈ ഫണ്ട് വിനിയോഗിച്ചിട്ടുണ്ട് |
| ബി) പ്രസ്തുത സംവിധാനം നിലവിൽ വന്നതിനുശേഷം തുക മുഴുവൻ ചെലവഴിക്കാത്ത മണ്ഡലങ്ങൾ ഏതൊക്കെയാണെന്നും എത്ര തുകയാണ് ചെലവഴിക്കാൻ ബാക്കിയുള്ളതെന്നും വ്യക്തമാക്കാമോ; | നിയോജകമണ്ഡല ആസ്തി വികസന പദ്ധതി പ്രകാരം ഓരോ മണ്ഡലത്തിലെയും അതത് എം.എൽ.എ മാർ ശിപാർശ ചെയ്യുന്ന പ്രവൃത്തികളിൽ നിലവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം അനുവദനീയമായവയ്ക്ക് ഭരണാനുമതി നൽകുകയും ഫണ്ട് അനുവദിക്കുകയും ചെയ്യുതിന്റെ അടിസ്ഥാനത്തിൽ തുക ചെലവഴിച്ചിട്ടുണ്ട്. |
| സി) എം.എൽ.എ. മാർ മുഴുവൻ തുകയ്ക്കുള്ള ( 5കോടി) പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ നൽകാത്തത് കൊണ്ടാണോ അതല്ല മറ്റു സാങ്കേതിക കാരണങ്ങൾ കൊണ്ടാണോ ആസ്തി വികസന ഫണ്ട് മണ്ഡലങ്ങളിൽ മുഴുവനായി ചെലവഴിക്കാൻ കഴിയാത്തതെന്ന് വ്യക്തമാക്കാമോ; | |
| ഡി) പോയ വർഷങ്ങളിൽ ആസ്തി വികസന ഫണ്ട് മുഴുവനായും ഉപയോഗിക്കാത്ത എം.എൽ.എ.മാർക്ക് ബാക്കിയുള്ള തുകയ്ക്കുള്ള പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ നൽകാൻ അവസരം നൽകുമോയെന്ന് വിശദമാക്കുമോ? | 13.06.2019 ലെ സർക്കുലർ നം.61/2019/ധന പ്രകാരം നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2017-18 ,2018-19 സാമ്പത്തിക വർഷത്തിനു കീഴിൽ ശിപാർശ ചെയ്യ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള സമയപരിധി 31.12.2019 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**